പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:657 — 29.06.2011- ലെ മറുപടി

**ചെങ്ങന്നൂരിൽ നിന്നും പുതിയ ബസ് സർവ്വീസ് അനുവദിക്കാൻ നടപടി**

ചോദ്യം — ഉത്തരം

ശ്രീ.പി.സി.വിഷ്ണുനാഥ്

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂരിൽ നിന്നും തിരുവല്ല, ചങ്ങനാശ്ശേരി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, തളിപ്പറമ്പ്, ആലക്കോട്, ചെറുപുഴ, നർക്കിലക്കാട്, വെള്ളരിക്കുണ്ട് വഴി ബളാൽ എന്ന സ്ഥലത്തേക്ക് ഒരു പുതിയ കെ.എസ്.ആർ.ടി.സി ബസ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 20-1-2008 ൽ വ്യാപാരി വ്യവസായ ഏകോപനസമിതി സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | ചെങ്ങന്നൂരിൽ നിന്നും തിരുവല്ല, ചങ്ങനാശ്ശേരി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, തളിപ്പറമ്പ്, ആലക്കോട്, ചെറുപുഴ, നർക്കിലക്കാട്, വെള്ളരിക്കുണ്ട് വഴി ബലാലിലേയ്ക്ക് പുതിയ സർവ്വീസ് ആരംഭിക്കുന്നതിനു വേണ്ടിയുള്ള സാധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അന്വേഷണത്തിൽ ലാഭകരമായി സർവ്വീസ് നടത്താൻ കഴിയുന്ന റൂട്ടാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 2 ഫാസ്റ്റ് പാസഞ്ചർ ബസ് ഉണ്ടെങ്കിൽ മാത്രമേ സർവ്വീസ് ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ബസിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസരിച്ച് ടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റൂട്ടിൽ ഒരു ബസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ? | (ബി) | പ്രസ്തുത റൂട്ടിൽ മുടക്കം കൂടാതെ സർവ്വീസ് നടത്തുന്നതിന് 2 ബസുകൾ ആവശ്യമാണ്. സർവ്വീസ് ആരംഭിക്കാൻ അനുമതി നൽകിക്കഴിഞ്ഞ 263-ഓളം സർവ്വീസുകൾ ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതക്കുറവ് മൂലം ഇനിയും ആരംഭിച്ചിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയ്ക്കനുസരിച്ച് ടി ആവശ്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ